മുസ്ലിമായ ഒരു വ്യക്തി തൻ്റെ സഹോദരന് വേണ്ടി അവൻ്റെ
അസാന്നിദ്ധ്യത്തിൽ നിർവ്വഹിക്കുന്ന പ്രാർത്ഥന ഉത്തരം
നൽകപ്പെടുന്നതാണ്
ഉമ്മുദ്ദർദാഅ് -അല്ലെങ്കിൽ അബുദ്ദർദാഅ്-(رضي الله عنهما) നിവേദനം: നബി (صلى الله عليه وسلم) ഇപ്രകാരം
പറയാറുണ്ടായിരുന്നു: "മുസ്ലിമായ ഒരു വ്യക്തി തൻ്റെ സഹോദരന് വേണ്ടി അവൻ്റെ
അസാന്നിദ്ധ്യത്തിൽ നിർവ്വഹിക്കുന്ന പ്രാർത്ഥന ഉത്തരം നൽകപ്പെടുന്നതാണ്. അവൻ
തൻ്റെ സഹോദരന് വേണ്ടി നന്മക്കായി പ്രാർത്ഥിക്കുമ്പോഴെല്ലാം അവൻ്റെ
ശിരസ്സിനരികിൽ ഒരു മലക്കുണ്ടായിരിക്കും; അവൻ്റെ കാര്യം ഏൽപ്പിക്കപ്പെട്ട ആ മലക്ക്
പറയും: "ആമീൻ (ഈ പ്രാർത്ഥന സ്വീകരിക്കേണമേ). നിനക്കും തുല്യമായത് നൽകപ്പെടട്ടെ."
[صحيح] [رواه مسلم]
ഒരു മുസ്ലിമായ വ്യക്തി തൻ്റെ സഹോദരനായ മറ്റൊരു മുസ്ലിമിന് വേണ്ടി അവൻ്റെ
അസാന്നിദ്ധ്യത്തിൽ നിർവ്വഹിക്കുന്ന പ്രാർത്ഥനകൾ ഉത്തരം നൽകപ്പെടുന്ന പ്രാർത്ഥനകളിൽ
പെട്ടതാണെന്ന് നബി -صلى الله عليه وسلم- അറിയിക്കുന്നു. കാരണം ഈ പ്രാർത്ഥനകൾ കൂടുതൽ
ഇഖ്ലാസുള്ളതായിരിക്കും. ഈ പ്രാർത്ഥിക്കുന്ന വ്യക്തിയുടെ തലക്കരികിൽ ഒരു മലക്ക് അവൻ
തൻ്റെ സഹോദരന് വേണ്ടി പ്രാർത്ഥിക്കുമ്പോഴെല്ലാം ''ആ പ്രാർത്ഥന സ്വീകരിക്കാൻ
അല്ലാഹുവിനോട് പ്രാർത്ഥിക്കുകയും, അവൻ പ്രാർത്ഥിച്ചതിന് തുല്യമായ നന്മ അവന് ലഭിക്കാൻ
വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നതാണ്' എന്നും നബി -صلى الله عليه وسلم- അറിയിക്കുന്നു.
https://sunnah.global/hadeeth/ml/show/3219